**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3402** **01-03-2023 - ൽ മറുപടിയ്ക്ക്**

**റീസർവെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് റീസർവെ നടത്തുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളത്; | (എ) | ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ 16 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വില്ലേജുകൾ ഉൾപ്പെട്ടിട്ടില്ല. |
| (ബി) | അത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വെ നടത്തുന്നതിന് നിർദേശം നൽകുമോ? | (ബി) | സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവ്വെ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വില്ലേജുകൾ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ പ്രസ്തുത നിയോജക മണ്ഡലത്തിലെ വില്ലേജുകളെ കൂടി ഉൾപ്പെടുത്തി സർവ്വെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ